**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 489** **02-02-2023 - ൽ മറുപടിയ്ക്ക്**

**എസ്.ഡി.എഫ്, എ.ഡി.എസ്. ഫണ്ടുകൾ വിനിയോഗിച്ച് നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എം.എൽ.എ മാരുടെ എസ്.ഡി.എഫ്., എ.ഡി.എസ്. ഫണ്ടുകൾ ഉപയോഗിച്ച് സർക്കാർ സ്കൂൾ , എയ്ഡഡ് സ്കൂൾ , ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ? | (എ) | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ.(അച്ചടി)നം.161/2017/ധന അനുബന്ധം 1 ക്രമ നമ്പർ 1 പ്രകാരം സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്കൂൾ കെട്ടിടങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകൾ, ലൈബ്രറി കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള മറ്റ് തരത്തിലുള്ള കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം അനുവദനീയമാണ്. ക്രമ നമ്പർ 24 പ്രകാരം ഗവൺമെന്റ് സ്കൂളുകൾ/കോളേജുകൾ എന്നിവിടങ്ങളിലേക്കായി കമ്പ്യൂട്ടറുകൾ വാങ്ങുക, ഇൻഫർമേഷൻ ഫുട്പാത്ത്, ഹോം ക്ലബ്ബ്, സിറ്റിസൺ ബാൻഡ് റേഡിയോ തുടങ്ങിയവ അനുവദനീയമാണ്. ക്രമ നമ്പർ 29 പ്രകാരം സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം എന്നിവയും ക്രമ നമ്പർ 30, 31 എന്നിവ പ്രകാരം സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടോയ്ലറ്റുകൾ, ടോയ്ലറ്റുകളോട് ചേർന്ന് സാനിട്ടറി നാപ്കിൻ വെൻഡിംഗ്/ ഡിസ്പോസൽ മെഷീനുകൾ സ്ഥാപിക്കൽ, പാചകപ്പുരകൾ എന്നിവയുടെ നിർമ്മാണവും കുടിവെള്ളം എത്തിയ്ക്കുന്നതിനുള്ള പൈപ്പിടൽ, ടാങ്ക് നിർമ്മാണം/വാങ്ങൽ, വാട്ടർ പ്യൂരിഫയർ വാങ്ങൽ, വാട്ടർ റീ-ചാർജ്ജിംഗ് സൗകര്യം ഒരുക്കൽ, കുഴൽ കിണർ നിർമ്മിക്കൽ എന്നിവയും അനുവദനീയമാണ്. ക്രമ നമ്പർ 33, 34 എന്നിവ പ്രകാരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികൾക്ക് പുസ്തകങ്ങൾ, ഷെൽഫുകൾ വാങ്ങൽ, നിർമ്മിക്കൽ എന്നിവയും ബസ്/വാഹനം വാങ്ങി നൽകുന്നതും അനുവദനീയമാണ്. എന്നാൽ വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന |

| | | | |
|---|---|---|---|
| | | | ചെലവുകൾ(ഡ്രൈവറുടെ ശമ്പളം ഉൾപ്പെടെ), പരിപാലനം എന്നിവ സ്കൂൾ പി.റ്റി.എ വഹിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ക്രമ നമ്പർ 39, 40 എന്നിവ പ്രകാരം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കമ്പ്യൂട്ടറുകൾ, എൽ.സി.ഡി പ്രൊജക്ടർ, വൈ ഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങാവുന്നതും സർക്കാർ സ്കൂളുകൾക്ക് ബെഞ്ച്, ഡെസ്ക് മുതലായ ഫർണിച്ചർ വാങ്ങാവുന്നതുമാണ്. 27.05.2019 തീയതിയിലെ സ.ഉ(അച്ചടി)നം.60/2019/ധന പ്രകാരം ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും കെട്ടിട നിർമ്മാണത്തിന് എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവായിട്ടുണ്ട്. 28.10.2020 തീയതിയിലെ സ.ഉ(അച്ചടി)നം.143/2020/ധന പ്രകാരം, സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ കുടി ജലഗുണ നിലവാര പരിശോധന ലാബുകൾ സജ്ജീകരിക്കുന്നതിന് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവായിട്ടുണ്ട്.<br><br>നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 തീയതിയിലെ സ.ഉ(അച്ചടി)നം.119/2018/ധന അനുബന്ധം 1 ക്രമ നമ്പർ (ii) പ്രകാരം, സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ കെട്ടിടങ്ങൾ, പാർക്കുകൾ, മൈതാനങ്ങൾ, കളിസ്ഥലം എന്നിവയുടെ നിർമ്മാണവും ക്രമ നമ്പർ (v) (vi)എന്നിവ പ്രകാരം, സർക്കാർ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം, സർക്കാർ വിദ്യാലയങ്ങളിൽ/കോളേജുകളിൽ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബസ് വാങ്ങൽ എന്നിവയും അനുവദനീയമാണ്. ക്രമ നമ്പർ (xi) പ്രകാരം, എയ്ഡഡ് സ്കൂളിന് ഒന്നിന് ഒരു വർഷം 10 ലക്ഷം രൂപയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് തുകയുള്ള ടോയ്ലെറ്റുകൾ/പാചകപ്പുര എന്നിവ നിർമ്മിക്കുന്നത് അനുവദനീയമാണ്. 18.08.2017 തീയതിയിലെ സ.ഉ(അച്ചടി) നം.109/2017/ധന പ്രകാരം, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി രൂപീകരിച്ചിട്ടുള്ള ചലഞ്ച് ഫണ്ട് പദ്ധതിയ്ക്കായി ആസ്തി വികസന ഫണ്ട് |

| | | | |
|---|---|---|---|
| | | | വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവായിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം, സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ളവയല്ലാത്ത ലൈബ്രറികളുടെ കെട്ടിട നിർമ്മാണം അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ